**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **08-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ നാളിതുവരെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ അൻപത്തി അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും പ്രവർത്തനം നിർത്തിവച്ചിരിക്കുന്നവയുടെയും പൂർണമായും പ്രവർത്തനം അവസാനിപ്പിച്ചവയുടെയും എണ്ണം എന്നിവ വ്യക്തമാക്കുമോ; | (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2023-2024 സാമ്പത്തിക വർഷം പത്തൊൻപത് എണ്ണം പ്രവർത്തന ലാഭത്തിലും മുപ്പത്തിമൂന്ന് എണ്ണം പ്രവർത്തന നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. കാനറാ ബാങ്കിൽ നിന്നെടുത്ത വായ്പയുടെ തിരിച്ചടവ് മുടങ്ങിയതു മൂലം ഇപ്പോൾ നാഷണൽ കമ്പനി ലാ ട്രൈബ്യൂണലിന്റെ (NCLT) CIRP (Corporate Insolvency Resolution Process) നടപടികൾ നേരിടുന്ന കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭമായ സെയിൽ എസ്. സി, എൽ. കേരള ലിമിറ്റഡിൽ ഉല്പാദനം നിലച്ചിരിക്കുകയാണെങ്കിലും പൂർണ്ണമായും പ്രവർത്തനം നിലയ്ക്കാത്തതിനാൽ ടി കമ്പനിയെ നഷ്ടത്തിലുള്ള കമ്പനികളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തി-യിരിക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള റബ്ബർ ലിമിറ്റഡിന്റെ പൂർണ്ണമായ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടി-ല്ലാത്തതിനാൽ ലാഭനഷ്ടം കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. കിൻഫ്ര, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭം / നഷ്ടം കണക്കാക്കി പ്രവർത്തിക്കുന്നവയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളൊന്നും തന്നെ പൂർണ്ണമായും പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. |
| (സി) | 2016 ൽ മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കുമോ; ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും നഷ്ടത്തിൽ | (സി) | 2016-ൽ മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 51 പൊതുമേഖലാ സ്ഥാപനങ്ങളാ-ണുണ്ടായിരുന്നത്. ഇവയിൽ 2015-2016 സാമ്പത്തിക വർഷത്തെ |

| | | | |
|---|---|---|---|
| | പ്രവർത്തിച്ചിരുന്നതും പ്രവർത്തനം നിർത്തിവച്ചിരുന്നതും പൂർണമായും പ്രവർത്തനം അവസാനിപ്പിച്ചതുമായ സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കുമോ; | | കണക്കുകൾ പ്രകാരം 18 സ്ഥാപനങ്ങൾ പ്രവർത്തന ലാഭത്തിലും 31 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. കിൻഫ്ര, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭം / നഷ്ടം കണക്കാക്കി പ്രവർത്തിക്കുന്നവയല്ല. 2016-ൽ മുൻ സർക്കാർ അധികാര-മേൽക്കുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപന-ങ്ങളൊന്നും പൂർണ്ണമായും പ്രവർത്തനം നിർത്തിവക്കുകയോ അവസാനിപ്പിക്കുകയോ ചെയ്തിട്ടില്ല. |
| (ഡി) | 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ പുതുതായി പ്രവർത്തനമാരംഭിച്ചതും പൂട്ടിക്കിടക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ട് പുനരാരംഭിച്ചതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു പൊതുമേഖലാ സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ പുനർനാമകരണം ചെയ്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിലും ഭെൽ-ഇ.എം.എൽ എന്ന കമ്പനിയെ കെൽ ഇ.എം.എൽ എന്ന പേരിലും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് അവയുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനങ്ങൾ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നതെങ്കിലും പ്രവർത്തന പുരോഗതി കൈവരിക്കുന്നുണ്ട്.<br><br>വ്യവസായ വകുപ്പിന്റെ കീഴിലുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള റബ്ബർ ലിമിറ്റഡിന്റെ പൂർണ്ണമായ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തതിനാൽ ലാഭനഷ്ടം കണക്കാക്കാൻ സാധ്യമല്ല. |
| (ഇ) | നഷ്ടത്തിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I. ഓരോ പൊതുമേഖലാസ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാ-ക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവികരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കിവരുന്നതോടൊപ്പം നിലവിലെ സാധ്യതകൾ വിലയിരുത്തി ഓരോ സ്ഥാപനത്തിന്റെയും വിപണന മേഖലകൾ വിപുലീകരിക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

II.നടപ്പ് സാമ്പത്തിക വർഷം (2024-25) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി അനുവദിച്ച് വരുന്നു.

III.പൊതുമേഖലാസ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

iV. പൊതുമേഖലാസ്ഥാപനങ്ങളുടെ 2024 - 25സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoUഉം നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസം തോറും ഒരു ഇൻറർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം വഴി ബി.പി.റ്റി തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

V.സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്.

Vi. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും മാനേജിംഗ് ഡയറക്ടർമാരുടെ നിയമനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും മറ്റു തസ്തികകളിലേക്കുള്ള നിയമന പ്രക്രിയകൾ പുരോഗമിക്കു-കയുമാണ്.

VII. കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടു-ത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

VIII. ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന

പരിപാടികൾ കമ്പനി തലത്തിലും ബി.പി.റ്റി മുഖേനയും നടത്തിവരുന്നു.

IX.പൊതുമേഖലാസ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

X.പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നു.

XI. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാ-ക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

XII. പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണന-ത്തിനായി ONDCയുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണന-ത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ "**kshoppe.in**" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്ന് വരുന്നു.

XIII.പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെയും വിപുലീ-കരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ ഓർഡറുകൾ നേടിയെടു-ക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സംഘ-ടിപ്പിച്ച B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

XIV.പൊതുമേഖലാസ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു. മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ